**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 239576/CDC-A1/2025/Admn

തീയതി: 27.10.2026

**<u>സർക്കുലർ</u>**

വിഷയം:- സി .ഡി .സി - കാലിക്കറ്റ് സർ വ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ നിലവിലെ പ്രോഗ്രാമുകൾക്ക് സ്റ്റാറ്റിയൂട്ട് നിശ്ചയിച്ച പരിധിവരെ 2027-28 & 2028-29 അധ്യയന വർഷത്തിൽ സ്ഥിരം സീറ്റ് വർദ്ധനവിന് (Permanent Increase of Seats ) സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ബഹു: വൈസ് ചാൻസിലറുടെ 21.10.2026 തീയതിയിലെ ഇതേ ഫയൽ നമ്പർ ഉത്തരവ്.

കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിലവിലുള്ള പ്രോഗ്രാമുകൾക്ക് 2027-28 & 2028-29 അധ്യയന വർഷത്തേക്ക് സ്റ്റാറ്റിയൂട്ട് നിശ്ചയിച്ച സീറ്റ് പരിധി വരെ മാത്രം സ്ഥിരം സീറ്റ് വർദ്ധനവിനായി (Aided & Govt. കോളേജുകൾ workload-ൽ മാറ്റം വരാത്ത വിധം) സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ 2026 ഒക്ടോബർ 31-വരെയും ഫൈനോടു കൂടി 2026 ഡിസംബർ 31-വരെയും സമർപ്പിക്കാവുന്നതാണ്. BBA/BCA പ്രോഗ്രാമുകൾക്ക് സ്ഥിരം സീറ്റ് വർദ്ധനവിനായി അപേക്ഷിക്കുന്ന കോളേജുകൾ AICTE അനുവദിച്ചു നൽകിയ LoA/EoA അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപെക്സ് അതോറിറ്റി അനുവദിച്ചു നൽകിയ സീറ്റ് പരിധിയ്ക്ക് മുകളിൽ യാതൊരു കാരണവശാലും സീറ്റ് വർദ്ധനവ് അനുവദിക്കുന്നതല്ല .

1. അപേക്ഷ ഫീസ്-Rs :685/-
2. രജിസ്ട്രേഷൻ ഫീസ് (per programme)-Rs :12,770/-
3. ഫൈൻ -Rs : 6,710/-

അപേക്ഷയുടെ കൂടെ മതിയായ ഫീസടച്ച ചലാൻ രസീതി, ബന്ധപ്പെട്ട വർഷത്തേക്കുള്ള AICTE അനുമതിപത്രം എന്നിവ ഹാജരാക്കിയിരിക്കണം. അപേക്ഷ permanentincrease@uoc.ac.in എന്ന ഇ-മെയിൽ അഡ്രസ്സിൽ അയക്കേണ്ടതാണ്. **ഹാർഡ് കോപ്പി അയയ്ക്കേണ്ടതില്ല.** ഡിസംബർ 31-ന ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷ ഫോറം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (cdc.uoc.ac.in>Home page>Downloads).

Arifa K
ഡെപ്യൂട്ടി രജിസ്ട്രാർ
ഉത്തരവിൻ പ്രകാരം